തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു

1985-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (1985-ലെ 94-ാം നമ്പർ ഓർഡിനൻസ്)

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു

1. 1985-ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 72-ാം നമ്പർ ഓർഡിനൻസ്)
2. 1985-ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1985-ലെ 98-ാം നമ്പർ ഓർഡിനൻസ്)
3. 1985-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1985-ലെ 99-ാം നമ്പർ ഓർഡിനൻസ്)
4. 1985-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 100-ാം നമ്പർ ഓർഡിനൻസ്)
5. 1986-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (1986-ലെ 3-ാം നമ്പർ ഓർഡിനൻസ്)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) ; താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു

1985-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 81-ാം നമ്പർ ഓർഡിനൻസ്)

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു

1. 1985-ലെ സിവിൽ കോടതികൾ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 76-ാം നമ്പർ ഓർഡിനൻസ്)
2. കക്കി ടിംബർ കോൺട്രാക്ടിനെ സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടും അതിൻമേൽ ഗവൺമെൻറ് കൈക്കൊണ്ട നടപടിയുടെ മെമ്മോറാണ്ടം സഹിതം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു point of order. നമ്മുടെ ഭരണഘടനയുടെ 213-ാം വകുപ്പ് അനുശാസിക്കുന്നതനുസരിച്ചാണ് കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നത്. ഈ ഓർഡിനൻസ് റീഇഷ്യൂ ചെയ്തതാണ്. അതിന്റെ കോപ്പി നമുക്ക് തന്നിട്ടുവേണം ഇവിടെ പ്ലെയിസ് ചെയ്യാൻ. അത് തന്നിട്ടില്ല.....ബഹളം.....

മി. സ്പീക്കർ : അത് പരിശോധിക്കാം.

VIII റിപ്പോർട്ട് സമർപ്പണം

PACയുടെ 88 മുതൽ 103 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. വാസുദേവ മേനോൻ : സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിയെട്ടു മുതൽ നൂറ്റിമൂന്നു വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly